# മുസ്‌ലിം ലോകത്തോട് ഒബാമ

**അമേരിക്കന്‍** പ്രസിഡന്റ് ബറാക് ഹുസൈന്‍ ഒബാമ സ്ഥാനാരോഹണം ചെയ്ത ശേഷം നടത്തിയ ഉദ്ഘാടന പ്രസംഗത്തില്‍ തന്നെ മുസ്‌ലിം ലോകവുമായുള്ള അമേരിക്കയുടെ ബന്ധം മെച്ചപ്പെടുത്തുമെന്ന് പ്രസ്താവിച്ചിരുന്നു. ഈയിടെ ടെലിവിഷന്‍ ചാനലിലൂടെ മുസ്‌ലിംകളെ പ്രത്യേകം അഭിസംബോധന ചെയ്തുകൊണ്ട് അക്കാര്യം അദ്ദേഹം കൂടുതല്‍ ഊന്നിപ്പറയുകയുണ്ടായി. ഒബാമയുടെ സന്ദേശം പോലെ, അതു നല്‍കാന്‍ *അല്‍ജസീറ* ചാനല്‍ തന്നെ തെരഞ്ഞെടുത്തതും ശ്രദ്ധേയമാണ്. തന്റെ നിലപാട് സാമാന്യ മുസ്‌ലിംകള്‍ അറിയണമെന്ന് അദ്ദേഹം താല്‍പര്യപ്പെടുന്നതായിട്ടാണ് ഇത് സൂചിപ്പിക്കുന്നത്.

അമേരിക്കക്ക് മുസ്‌ലിം ലോകത്തോട് ശത്രുതയില്ലെന്നും എല്ലാ മുസ്‌ലിം നാടുകളോടും സൗഹാര്‍ദ ബന്ധമാണ് ആഗ്രഹിക്കുന്നതെന്നും മുസ്‌ലിംകളെ ബോധ്യപ്പെടുത്താനാണ് *അല്‍ജസീറ* അഭിമുഖത്തില്‍ ഒബാമ മുഖ്യമായി ശ്രമിച്ചിട്ടുള്ളത്. മുസ്‌ലിം ലോകത്ത് മോശമായിത്തീര്‍ന്നിട്ടുള്ള അമേരിക്കയുടെ പ്രതിഛായ മെച്ചപ്പെടുത്താന്‍ താന്‍ ആഗ്രഹിക്കുന്നു. അമേരിക്കയെക്കുറിച്ച് ചില തെറ്റുധാരണകള്‍ പ്രചരിച്ചിട്ടുണ്ട്. മുസ്‌ലിംകളുടെ ചില പരാതികളില്‍ ശരിയുണ്ടെങ്കിലും രോഷവും പ്രതിഷേധവും വളര്‍ന്നുവരുന്നത് അയുക്തികവും അടിസ്ഥാനരഹിതവുമായ ധാരണകളില്‍നിന്നാണ്. മുസ്‌ലിംലോകത്തിന് അമേരിക്കയോടുള്ള നീരസം നൂറു ശതമാനവും തള്ളിക്കളയേണ്ടതല്ലെന്നും ചില പരാതികള്‍ പരിഹരിക്കപ്പെടേണ്ടതുണ്ടെന്നും പുതിയ പ്രസിഡന്റ് സമ്മതിക്കുന്നുവെന്നാണിതിനര്‍ഥം. ഒരു നയംമാറ്റത്തിന്റെ സൂചന തന്നെയാണിത്. മുസ്‌ലിംലോകത്ത് അസംതൃപ്തി വളര്‍ത്തിക്കൊണ്ട് തനിക്ക് മുന്നോട്ടു പോവാനാവില്ലെന്നും ഒബാമ വ്യക്തമാക്കുകയുണ്ടായി. മുസ്‌ലിംകളുടെ വെറുപ്പും വിദ്വേഷവും നിലനിര്‍ത്തിക്കൊണ്ട് ലോക സമാധാനം യാഥാര്‍ഥ്യമാക്കാനും കഴിയില്ല. തന്റെ മുന്‍ഗാമി മുസ്‌ലിം രാജ്യങ്ങളോട് സ്വീകരിച്ച സമീപനവും അന്നുളവായ ബന്ധങ്ങളും ആരോഗ്യകരമായിരുന്നില്ലെന്ന് പുതിയ പ്രസിഡന്റ് മനസ്സിലാക്കുന്നുണ്ട്. അമേരിക്കന്‍ നടപടികള്‍ മുസ്‌ലിം ലോകത്തിനേല്‍പിച്ച മുറിവുകള്‍ ഉണക്കാന്‍ അദ്ദേഹം ആഗ്രഹിക്കുന്നു. മുസ്‌ലിം രാഷ്ട്രങ്ങളുമായുള്ള ബന്ധങ്ങള്‍ യാഥാര്‍ഥ്യബോധത്തിന്റെയും സന്തുലിതത്വത്തിന്റെയും അടിസ്ഥാനത്തില്‍ ആരോഗ്യകരമായി പുനഃസംഘടിപ്പിക്കാനായിരിക്കും അദ്ദേഹത്തിന്റെ ശ്രമം.

മുസ്‌ലിം രാജ്യങ്ങളും യു.എസുമായുള്ള ബന്ധം തുല്യപരിഗണനയിലും പരസ്പരാദരവിലും അധിഷ്ഠിതമായി പൊളിച്ചെഴുതും എന്ന പ്രതീക്ഷയാണ് ഒബാമ മുസ്‌ലിം ലോകത്തിനു നല്‍കുന്നത്. വലുപ്പച്ചെറുപ്പ ഭേദഭാവനയിലധിഷ്ഠിതമായ ബന്ധങ്ങളില്‍ അസ്വാരസ്യങ്ങളും സംഘര്‍ഷങ്ങളുമുണ്ടാകാനുള്ള സാധ്യത ഏറെയാണ്. അമേരിക്കക്ക് തെറ്റുപറ്റാം, ഈ ലോകത്ത് നൂറുക്കു നൂറും തികഞ്ഞവരായി ആരുമില്ലല്ലോ എന്നും ഒബാമ പറയുകയുണ്ടായി. അമേരിക്കക്ക് തെറ്റുകള്‍ പറ്റിയിട്ടുണ്ടെന്ന് താന്‍ മനസ്സിലാക്കുന്നതായും അത് തിരുത്താന്‍ ആഗ്രഹിക്കുന്നതായും നമുക്കതിനെ വായിക്കാവുന്നതാണ്. രാഷ്ട്രങ്ങള്‍ തമ്മിലുള്ള ഇടപാടുകളിലും പെരുമാറ്റങ്ങളിലും മാന്യതയും മര്യാദയും പാലിക്കപ്പെടണമെന്നും അതിനു രാജ്യങ്ങള്‍ക്കിടയിലുള്ള ആശയവിനിമയത്തിന്റെ ഭാഷ മൃദുലവും സുതാര്യവുമാവണമെന്നും ഒബാമ ചൂണ്ടിക്കാണിക്കുന്നു. മുസ്‌ലിം ലോകത്തിന്റെ ഉത്തമഗുണകാംക്ഷിയാണ് അമേരിക്ക, അവരുടെ തകര്‍ച്ചയും വിനാശവും അതൊട്ടും ആഗ്രഹിക്കുന്നില്ല, മുസ്‌ലിംലോകം പുരോഗതിയുടെ രാജവീഥിയിലൂടെ മുന്നേറണമെന്നാണ് താനാഗ്രഹിക്കുന്നത് എന്നും ഒബാമ പറയുകയുണ്ടായി. മുസ്‌ലിംകളുടെ അന്തസ്സിനെയും അഭിമാനത്തെയും താന്‍ മാനിക്കുന്നു. യു.എസ്-മുസ്‌ലിം ലോക ബന്ധത്തില്‍ ഒരു പുതിയ അധ്യായത്തിന് തുടക്കം കുറിക്കാനുള്ള തന്റെ ആഗ്രഹത്തിന്റെ ആത്മാര്‍ഥതക്കു തെളിവായി ഒബാമ തന്നെത്തന്നെ അവതരിപ്പിക്കുകയുണ്ടായി. തന്റെ പിതാവ് മുസ്‌ലിമാണ്. ലോകത്തില്‍ ഏറ്റവുമധികം മുസ്‌ലിം ജനസംഖ്യയുള്ള ഇന്തോനേഷ്യയിലായിരുന്നു തന്റെ കുട്ടിക്കാലം. ഒട്ടേറെ മുസ്‌ലിം രാജ്യങ്ങള്‍ താന്‍ സന്ദര്‍ശിച്ചിട്ടുണ്ട്. മുസ്‌ലിംകളുടെ ആശകളും പ്രതീക്ഷകളും മനോഭാവങ്ങളും നല്ലവണ്ണം മനസ്സിലാക്കിയിട്ടുണ്ട്. തന്റെ ബന്ധുക്കളില്‍ ധാരാളം പേര്‍ മുസ്‌ലിംകളാണ്. അവര്‍ മുസ്‌ലിം രാജ്യങ്ങളിലാണ് വസിക്കുന്നത്. അതിനാല്‍ താന്‍ മുസ്‌ലിം ലോകത്തിന്റെ ശത്രുവല്ലെന്നും അമേരിക്കയും മുസ്‌ലിം ലോകവും തമ്മില്‍ തുല്യപരിഗണനയിലും സമവായത്തിലും അധിഷ്ഠിതമായ ക്രിയാത്മകബന്ധമാണ് താന്‍ ആഗ്രഹിക്കുന്നതെന്നും മുസ്‌ലിം ലോകം മനസ്സിലാക്കണം.

പ്രസിഡന്റ് ഒബാമ സ്വന്തം വാക്കുകളിലവതരിപ്പിച്ച നിലപാട് ആത്മാര്‍ഥമാണെങ്കില്‍ -ആയിരിക്കട്ടെ എന്ന് പ്രാര്‍ഥിക്കുന്നു- തികച്ചും സ്വാഗതാര്‍ഹമാണ്. പക്ഷേ, ആത്മാര്‍ഥത പ്രവൃത്തിപഥത്തിലൂടെ അദ്ദേഹം തെളിയിക്കേണ്ടതുണ്ട്. പ്രവൃത്തിയിലില്ലാത്ത വാക്കുകള്‍ വഞ്ചനയുടെ മാധ്യമം മാത്രമാണ്. തന്റെ ആത്മാര്‍ഥത തെളിയിക്കാന്‍ കിട്ടിയ ആദ്യ അവസരം ഒബാമ പാഴാക്കിക്കളഞ്ഞു എന്നത് ഖേദകരമായ വസ്തുതയാണ്. ഗസ്സയില്‍, അമേരിക്ക നല്‍കിയ ബോംബുകള്‍കൊണ്ട് ഇസ്രയേല്‍ തീമഴപെയ്തപ്പോള്‍, വീടുകളും വിദ്യാലയങ്ങളും അതിലെ പിഞ്ചുപൈതങ്ങളടക്കമുള്ള മനുഷ്യരോടൊപ്പം നിരന്തരം ചുട്ടെരിച്ചുകൊണ്ടിരുന്നപ്പോള്‍ 'അരുത്' എന്നു പറയാന്‍ ഒബാമക്ക് നാവുപൊങ്ങിയില്ല. എന്നല്ല, ഫലസ്ത്വീനികളെ ആട്ടിപ്പായിച്ച് അവരില്‍നിന്ന് തട്ടിപ്പറിച്ച ഭൂമി അവരില്‍നിന്ന് 'രക്ഷി'ക്കാനുള്ള ഇസ്രയേലിന്റെ നൈതികത തൊട്ടുതെറിച്ചിട്ടില്ലാത്ത വന്യമായ അവകാശത്തെക്കുറിച്ച് വാചാലനാവുകയും ചെയ്തു. എങ്കിലും നമുക്ക് പ്രതീക്ഷക്ക് വകയുണ്ട്. 'രണ്ടു ഭാഗത്തു'മുള്ള സിവിലിയന്മാരുടെ മരണം ഹൃദയഭേദകമാണെന്ന് ജനുവരി 12-ന് അദ്ദേഹം പ്രസ്താവിച്ചുവല്ലോ. ഈ 'രണ്ടു ഭാഗത്തും' എന്ന പദപ്രയോഗം തീര്‍ച്ചയായും ബുഷില്‍നിന്ന് ഒബാമയെ വ്യത്യസ്തനാക്കുന്നുണ്ട്. ബുഷ് അമേരിക്കയെ കൊണ്ടെത്തിച്ച പതനത്തില്‍നിന്ന് പെട്ടെന്ന് കരകേറുക ഒബാമക്ക് സാധ്യമല്ലായിരിക്കാം. അതിന് അമേരിക്കന്‍ ജനതയുടെയും ലോക രാഷ്ട്രങ്ങളുടെയും സഹകരണം ലഭിക്കേണ്ടതുണ്ട്. സാവകാശമായ മാറ്റങ്ങളേ പ്രതീക്ഷിക്കേണ്ടതുള്ളൂ. താല്‍ക്കാലിക നടപടികളില്‍ നിരാശരാവാതെ ക്രമപ്രവൃദ്ധമായ മാറ്റങ്ങള്‍ക്കുവേണ്ടി മനുഷ്യനന്മയിലും ദൈവ സഹായത്തിലും പ്രതീക്ഷയര്‍പ്പിച്ച് കാത്തിരിക്കുകയും, അത്തരം മാറ്റങ്ങളെ പ്രോത്സാഹിപ്പിക്കാന്‍ എന്തുചെയ്യാന്‍ കഴിയുമെന്ന് ആലോചിക്കുകയുമാണ് ഇപ്പോള്‍ മുസ്‌ലിംലോകം ചെയ്യേണ്ടത്. ■